**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1853** **19-01-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോ എബ്രഹാം | | **Shri. A. K. Saseendran**<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | മൂവാറ്റുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ കഴിഞ്ഞ അഞ്ച് വർഷത്തിൽ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്നും അനുമതി ലഭിച്ച നിർമ്മാണ പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്നും അറിയിക്കാമോ; | (എ) | 1) MLA ഫണ്ട് ഉപയോഗിച്ചുള്ള ഗ്യാരേജ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 2) ബസ് സ്റ്റേഷൻ യാർഡിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 3) ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിലെ സിവിൽ പണികൾ 80% പൂർത്തീകരിച്ചിട്ടുണ്ട്. ഇനി കെട്ടിടം പൂർണ്ണ മായും നിർമ്മിച്ച് ഉപയോഗയോഗ്യമാക്കു ന്നതിനുള്ള ബാക്കി നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിന് Project Management Consultancy ആയ M/s. Hindustan Prefab Limited ന് നിർവ്വഹണ ചുമതല നൽകിയിട്ടുണ്ട്. 4) MLA-LACADS ഉപയോഗിച്ച് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | അനുമതി ലഭിച്ചതിൽ ഇനി ആരംഭിക്കാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്നും അവ ആരംഭിക്കുന്നതിനുള്ള കാലതാമസം എന്താണെന്നും അറിയിക്കാമോ? | (ബി) | MLA-LACADS ഉപയോഗിച്ച് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഭരണ നിർവഹണ ബ്ലോക്കിന്റെ നിർമ്മാണ ചുമതല ആദ്യം KSRTCയെ ആണ് ചുമതലപ്പെടുത്തിയത്. കെ.എസ്.ആർ.ടി.സി. എസ്റ്റിമേറ്റ് തയ്യാറാക്കി രണ്ട് തവണ e-tender ചെയ്തുവെങ്കിലും കരാറുകാരെ ലഭിയ്ക്കാത്തത് കാരണം ഈ പ്രവൃത്തി ചെയ്യുന്നതിനായി എം.എൽ.എ. M/s. Habitat Technology Group നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. M/s. Habitat Technology Group കെട്ടിടത്തിന്റെ ഡിസൈൻ Govt. Engineering College മുഖാന്തിരം പരിശോധിച്ച് നൽകുന്നതിനുള്ള കാലതാമസം മൂലം സാങ്കേതിക അനുമതി നൽകുവാൻ സാധിച്ചിട്ടില്ല. കൂടാതെ M/s. Habitat Technology Group –നെ ചുമതലപ്പെടുത്തി ഭരണാനുമതി കിട്ടേണ്ടതും ഉണ്ട്. നടപടി ക്രമങ്ങൾ ത്വരിതപ്പെടുത്തുവാൻ M/s. Habitat Technology Group-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ